രേഖപ്പെടുത്തിയിരുന്നതിനാൽ 28-8-2014-ന് കൂടിയ യോഗത്തിൽ ടെണ്ടർ നിരസിക്കാനും മോണോ റെയിൽ പദ്ധതി ഒഴിവാക്കി പകരം മറ്റൊരു മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിനായി വിശദമായ രൂപരേഖ തയ്യാറാക്കി സമർപ്പിക്കാൻ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. രൂപരേഖകൾ തയ്യാറാക്കാനായി ഫീസിനത്തിൽ 67,21,000 രൂപയും ജനറൽ കൺസൾട്ടൻസി ഫീസിനത്തിൽ അഡ്വാൻസായി 9,60,22,856 രൂപയും അഡ്മിനിസ്ട്രേറ്റീവ് ഇനത്തിൽ 44,11,284 രൂപയുമാണ് ഇതുവരെ പദ്ധതിക്കുവേണ്ടി ആകെ ചെലവഴിച്ചിട്ടുള്ളത്.

(സി) ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാനുള്ള സാങ്കേതിക സാദ്ധ്യതകളെക്കുറിച്ച് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ വിശദമായി പഠനം നടത്തുകയും വിശദമായ രൂപരേഖ ഭരണാനുമതിക്കായി സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത രൂപരേഖയനുസരിച്ച് പദ്ധതികൾക്കായി ആകെ 6728 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ലൈറ്റ് മെട്രോ പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ ധന സമാഹരണത്തിനായി മൊത്തം അടങ്കൽ തുകയുടെ ഇരുപത് ശതമാനം കേരള ഗവൺമെന്റും ഇരുപത് ശതമാനം കേന്ദ്ര ഗവൺമെന്റും ബാക്കി അറുപത് ശതമാനം തദ്ദേശീയ ബാങ്കുകൾ മുഖേനയും കണ്ടെത്തുന്നതിനുമാണ് ഡി.പി.ആർ.-ൽ വിഭാവനം ചെയ്തിരിക്കുന്നത്.

(ഇ) പദ്ധതിക്ക് ഭരണാനുമതി ലഭിച്ചാലുടൻ തന്നെ ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സർവ്വകലാശാലകളുടെ പാഠ്യപദ്ധതിയും ചോദ്യപേപ്പറുകളും

12 (*102) ശ്രീ. വി. ശശി :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലകളുടെ പാഠ്യപദ്ധതിയും ചോദ്യപേപ്പറുകളും തയ്യാറാക്കുന്നതിന് ഓരോ വിഷയങ്ങൾക്കും പൊതു ബോർഡുകൾ രൂപീകരിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ചുള്ള അഭിപ്രായം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) വിവിധ സർവ്വകലാശാലകളിലെ വിവിധ കോഴ്സുകളിലെ സിലബസ്സുകൾ ഏകീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അവ ഏകീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) നിലവിൽ പാഠ്യ പദ്ധതിയും ചോദ്യപേപ്പറുകളും തയ്യാറാക്കുന്നതിന് വിവിധ സർവ്വകലാശാലകളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ,

(എ) ഈ വിഷയം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ പരിശോധിച്ചുവരുന്നു.

(ബി) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

(സി) നിലവിൽ ഓരോ വിഷയത്തിന്റെയും പാഠ്യപദ്ധതി അതതു വിഷയത്തിന്റെ പഠന ബോർഡ് തയ്യാറാക്കുകയും അക്കാദമിക് കൗൺസിലിന്റെ അംഗീകാരത്തോടെ നടപ്പിൽ വരുത്തുകയും ചെയ്യുന്നു. സർവ്വകലാശാലകളുടെ സ്റ്റാറ്റ്യൂട്ട്/ഓർഡിനൻസിലെ നിയമങ്ങൾക്ക് വിധേയമായി ബോർഡ് ഓഫ് സ്റ്റഡീസ് അംഗീകരിച്ച പട്ടികയിൽ നിന്നുള്ളവരാണ് ചോദ്യപേപ്പർ തയ്യാറാക്കുന്നത്.

മിഷൻ 676-ൽ ഉൾപ്പെടുത്തിയ ഉപരിതല ഗതാഗത പദ്ധതികൾ

13 (*103) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676 അനുസരിച്ച് ദേശീയപാത ഉൾപ്പെടെയുള്ള ഉപരിതല ഗതാഗത വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നിർവ്വഹണത്തിനായുള്ള ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ,

(എ) കേരള സർക്കാരിന്റെ നവരത്ന പരിപാടിയിൽ ഉൾപ്പെടുന്ന തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ, സംസ്ഥാന ദേശീയ പാതകളുടെ വികസനം എന്നീ പദ്ധതികളും പതാകാ നൗക പദ്ധതിയിൽ ഉൾപ്പെടുന്ന സ്പീഡ് കേരള പദ്ധതിയുമാണ് മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly